LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളും ഹോസ്റ്റലിലെ ഭക്ഷണവും

130 [1264] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സ്പോർട്സ് സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്പോർട്സ് ഹോസ്റ്റലിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ഏതെല്ലാം രീതിയിലുള്ള ഭക്ഷണമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ സ്പോർട്സ് സ്കൂളിന്റെ ഇപ്പോഴുള്ള ശോചനീയാവസ്ഥ മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു സ്പോർട്സ് ഡിവിഷൻ ഉൾപ്പെടെ രണ്ടു സ്പോർട്സ് സ്കൂളുകൾ ഉണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) കണ്ണൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനോടനുബന്ധിച്ചു പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിന് വേണ്ടി ആധുനിക രീതിയിലുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കേരള സ്പോർട്സ് കൗൺസിൽ ചട്ടങ്ങൾ

131 [1265] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുപ്പ് 2003 ഡിസംബർ 8-ന് നടത്താനുള്ള പ്രാഥമിക നടപടികൾ കൈക്കൊണ്ടിരുന്നോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് തെരഞ്ഞെടുപ്പ് നടത്താതിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേരള സ്പോർട്സ് കൗൺസിൽ ചട്ടങ്ങൾ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ചട്ടങ്ങളില്ലാതെ ഇതിന്റെ പ്രവർത്തനം നടത്തുവാൻ കഴിയുമോ; എന്തുകൊണ്ടാണ് ചട്ടങ്ങൾ ഉണ്ടാക്കാത്തതെന്ന് വ്യക്തമാക്കുമോ?

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കൈക്കൊണ്ടിരുന്നു.

(ബി) 2003 ഡിസംബർ 3-ാം തീയതി കേരളാ സ്പോർട്സ് ആക്ട് 2000 പ്രാബല്യത്തിൽ വരികയും ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി 50 അംഗങ്ങളെ നാമനിർദ്ദേശം ചെയ്ത് ആദ്യ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ രൂപീകൃതമാകുകയും ചെയ്തു. പ്രസ്തുത ആക്ടിലെ 47-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക്, നാമനിർദ്ദേശം ചെയ്യപ്പെടുന്ന ദിവസം മുതൽ 2 വർഷമോ അല്ലെങ്കിൽ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി കൗൺസിൽ രൂപീകരിക്കുന്നതുവരെയോ ഏതാണ് ആദ്യം എന്നാൽ അതുവരെ തുടരാവുന്നതാണ്. ഈ സാഹചര്യത്തിലാണ് തെരഞ്ഞെടുപ്പ് നടത്താതിരുന്നത്.

(സി) പുതിയ ചട്ടങ്ങൾ നിലവിലില്ല.

(ഡി) പുതുതായി രൂപീകരിച്ച കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കാലതാമസം നേരിടും എന്നുള്ളതിനാൽ മുൻപ് നിലവിലിരുന്ന ചട്ടങ്ങൾ തുടരുന്നതിന് (പുതിയ ചട്ടങ്ങൾ ഉണ്ടാക്കുന്നതുവരെ) അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. അതിനാൽ കൗൺസിലിന്റെ പ്രവർത്തനത്തിന് തടസ്സമൊന്നുമില്ല.

ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി അതിന്റെ കരട് രൂപം തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുകയും, പ്രസ്തുത സമിതി തയ്യാറാക്കിയ ചട്ടങ്ങളുടെ കരടു രൂപം സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് ചട്ടങ്ങൾക്ക് അന്തിമ രൂപം നൽകി നടപ്പിലാക്കുന്നതുമാണ്.

കേരള സ്പോർട്സ് കൗൺസിൽ പുനഃസംഘടന

132 [1266] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്പോർട്സ് കൗൺസിലിൽ ഇപ്പോൾ നടത്തിയ പുനഃസംഘടനയിൽ ഏതെല്ലാം സംഘടനകളുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേരള സ്പോർട്സ് ആക്ട് 2000 3-ാം വകുപ്പ് 3-ാം ഉപവകുപ്പ് അനുശാസിക്കും പ്രകാരമുള്ള പ്രാതിനിധ്യ സ്വഭാവത്തോടെയാണ് പുനഃസംഘടന നടത്തിയിട്ടുള്ളത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

1232, 1239 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly